**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 220** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വിതുര ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതിക്കായി നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും എന്ന പദ്ധതിയ്ക്ക് 820 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് 16.04.2019 ലെ സ.ഉ (സാധാ) നം.225/2019/ആയുഷ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.05.2019 ലെ നം. 1205/പി1/2019/ഡി.എച്ച് നടപടിക്രമം പ്രകാരം വിതുര സർക്കാർ ഹോമിയോ ഡിസ്പെൻസറി കെട്ടിടം പണിയുന്നതിന് 27 ലക്ഷം രൂപ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ടി തുക ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ പൊതുമരാമത്ത് എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തിരുന്നു. ആയത് പ്രകാരം 30.04.2020 ന് പൊതുമരാമത്ത് എഞ്ചിനീയർ പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തിരുന്നു. ജോലി ആരംഭിച്ചപ്പോൾ ഡിസ്പെൻസറി കെട്ടിടത്തോട് ചേർന്നുള്ള സ്വകാര്യ സ്ഥല ഉടമ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് പണി നിർത്തി വയ്ക്കേണ്ടതായിവന്നു. അതിനുശേഷം 2023 ൽ കേസ് ഫയൽ ചെയ്ത സ്ഥലം ഉടമയും പഞ്ചായത്തുമായി നടന്ന ഒത്തുതീർപ്പിൽ ഡിസ്പെൻസറിയുടെ രണ്ട് സെന്റ് ഭൂമി ടിയാൾക്ക് നൽകുന്നതിനും, ടിയാൾ തന്റെ രണ്ട് സെന്റ് ഭൂമി പഞ്ചായത്തിന് നൽകുന്നതിനും തീരുമാനമായി. തുടർന്ന് സ്ഥലത്തിന്റെ ഘടനയിൽ വ്യത്യാസം വന്നതിനാൽ സ്ഥലം നിരപ്പാക്കേണ്ടതുണ്ടെന്നും സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതുണ്ടെന്നും ആയതിന് പൊതുമരാമത്ത് എഞ്ചിനീയറുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 65 ലക്ഷം രൂപയുടെ ആവശ്യകതയുണ്ടെന്നും ഹോമിയോ ഡയറക്ടർ അറിയിച്ചു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലത്തിൽ ഹോമിയോ വകുപ്പ് മേധാവി, വിതുര മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, ദേശീയആയുഷ് മിഷൻ പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് കെട്ടിട നിർമ്മാണത്തിന്റെ പുതിയ എസ്റ്റിമേറ്റ് പ്രകാരം സൈറ്റ് ലെവലിംഗിനും സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനും 2019-2020 കാലയളവിൽ ഭരണാനുമതി ലഭിച്ച 27 ലക്ഷം രൂപ വിനിയോഗിക്കാൻ തീരുമാനിച്ചു. കെട്ടിട നിർമ്മാണത്തിനുള്ള തുക ദേശീയ ആയുഷ് മിഷൻ നൽകുമെന്നും അറിയിച്ചു. ഇതിനിടയിൽ 24.08.2024 ലെ സ.ഉ (സാധാ) നം. 314/2024/ആയുഷ് ഉത്തരവ് പ്രകാരം ടി പ്രവർത്തിക്ക് 65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിരുന്നു.

നാഷണൽ ആയുഷ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിതുര സർക്കാർ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിനായി 30 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ പ്രൊപ്പോസൽ നാഷണൽ ആയുഷ് മിഷന്റെ 2026-2027 വർഷത്തെ സ്റ്റേറ്റ് ആനവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നിലവിൽ പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം ലഭ്യമായിട്ടില്ല.

ഇതിനിടയിൽ 16.04.2019 ലെ സ.ഉ (സാധാ) നം.225/2019/ആയുഷ് പ്രകാരം ഭരണാനുമതി ലഭിച്ച 27 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തോടനുബന്ധിച്ചുള്ള സൈറ്റ് ലെവലിംഗിനും സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനും വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി ഹോമിയോപ്പതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരവേ, ചരക്ക് സേവന നികുതി വർദ്ധിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആകെ 31,20,000/- (മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ) ആകുമെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** ഭരണാനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**